പോലീസ് മർദ്ദനം

84 [85] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ സാമൂഹ്യപ്രവർത്തകനായ ശ്രീ. രാജൻ നായരെ മണൽ മാഫിയാസംഘം മർദ്ദിച്ചത് സംബന്ധിച്ച് ചാത്തന്നൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ക്രൈം 70/04 നമ്പരായി ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

സജീവന്റെ മരണം സംബന്ധിച്ച കേസ്

85 [86] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പാറളം ഗ്രാമപഞ്ചായത്തിൽ കോടന്നൂർ സ്വദേശി അയ്യപ്പത്ത് സജീവന്റെ മരണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) പോലീസ് കസ്റ്റഡിയിൽ വച്ച് സജീവൻ മരണപ്പെട്ടത് പോലീസിന്റെ ഭീകരമായ മർദ്ദനത്തെ തുടർന്നാണ് എന്നതിനാൽ പോലീസുകാർ പ്രതികളായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പോലീസ് കസ്റ്റഡിയിൽ വച്ച് സജീവൻ മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഇ) അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ ഈസ്റ്റ് പി.എസ്. ക്രൈം 374/04, യു/എസ് 174 സിആർ.പി.സി. പ്രകാരവും തൃശ്ശൂർ ട്രാഫിക് പി.എസ്. ക്രൈം 385/04 യു/എസ് 184 ആന്റ് 185 എം.വി. ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പോലീസ് മർദ്ദിച്ചിട്ടില്ല. അതിനാൽ സജീവൻ മരണപ്പെട്ടിട്ടുള്ളത് സംബന്ധിച്ച് പോലീസുകാർ പ്രതികളായി കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) മേൽപ്പടി കേസിന്റെ അന്വേഷണം 21-6-2004 മുതൽ തൃശ്ശൂർ സി.ബി.സി.ഐ.ഡി. യൂണിറ്റ് നടത്തിവരുന്നു.

(ഡി ആന്റ് ഇ) അന്വേഷണം പൂർത്തിയായിട്ടില്ല.

ലോക്കപ്പ് മരണങ്ങൾ

86 [87] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ലോക്കപ്പ് മരണങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ലോക്കപ്പ് മരണങ്ങളുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; ശിക്ഷാനടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ലോക്കപ്പ് മർദ്ദനങ്ങളും മൂന്നാംമുറയും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ലോക്കപ്പ് മരണങ്ങൾ നടന്നിട്ടില്ല.

(ബി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർക്ക് കർശനനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly